
DIGITAL
School Magazine
SNMHSS
കുത്തിവര
LK
35020

S N M H S S

# എസ്.എൻ.എം.എച്ച്.എസ്.എസ്

## പുറക്കാട്



" വിദ്യകൊണ്ട് പ്രബുദ്ധരാകുക "

ശ്രീ നാരായണ ഗുരു



S N M H S S

# കുത്തിവര

പ്രിയപ്പെട്ടവരെ സ്കൂൾ ഓർമകളിലെ കുസൃതികളും, കുട്ടിത്തവും നമ്മുടെ ഡിജിറ്റൽ മാഗസിന്റെ പേരിൽ പ്രതിഫലിക്കുന്നുണ്ട് എങ്കിലും, ഗൗരവമേറിയ ചിന്തകളിലേക്കും, സാമൂഹിക ചുറ്റുപാടിന്റെ വാർത്തമാനങ്ങളിലേക്കും കടന്നുചെല്ലുവാൻ "കുത്തിവര" ശ്രമിക്കുകുന്നുണ്ട്. ഡിജിറ്റൽ മാഗസിൻ എന്ന ആശയം ലിറ്റിൽ കൈറ്റ്സ് മുന്നോട്ട് വച്ചപ്പോൾ തന്നെ നമ്മുടെ സ്കൂളിലെ കുട്ടി സാഹിത്യകാരെ പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന മികച്ച ആശയം ആയി എനിക്ക് തോന്നി. കണ്ടെത്തിയതിനേക്കാൾ കൂടുതൽ ആണ് ഒളിഞ്ഞിരിക്കുന്ന കഴിവുകൾ എന്ന് ഓരോ അവസരത്തിലും എനിക്ക് മനസ്സിലായി. ഈ മാഗസിനിലൂടെ കടന്നുപോകുന്ന ഏവരും കുട്ടികളുടെ തെറ്റുകുറ്റങ്ങൾ സദയം കണ്ണടച്ചു മുന്നിലേക്ക് പോകണം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് എല്ലാവരെയും അഭിവാദ്യം ചെയ്തുകൊണ്ട് നിർത്തുന്നു.



സ്നേഹപൂർവ്വം
മീനാക്ഷി.എ
മാഗസിൻ എഡിറ്റർ

S N M H S S

# ആശംസകളോടെ



സാഹിത്യവാസനയെ പ്രോത്സാഹിപ്പിക്കാൻ ലഭിക്കുന്ന അവസരങ്ങൾ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തണം കലയും സാഹിത്യവും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. സംസ്കാര സമ്പന്നമായ ഭാവിയുടെ വാഗ്ദാനങ്ങളായ നിങ്ങളുടെ സ്കൂൾ മാഗസീൻ മികച്ചതാവാൻ ആശംസിക്കുന്നു.

ഇ പി സതീശൻ
പ്രിൻസിപ്പാൾ



മികച്ച കഴിവുകളുള്ള കുട്ടികൾ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടാവും അവരെ കണ്ടെത്താൻ ഇത്തരം ഉദ്യമങ്ങൾക്കേ സാധിക്കൂ. നമ്മുടെ സ്കൂൾ മാഗസീൻ മികച്ചതാക്കിയ പ്രിയപ്പെട്ട കുഞ്ഞുങ്ങൾക്ക് ആശംസകൾ

ചന്ദ്രിക കെ സി
ഹെഡ്മിസ്ട്രെസ്സ്



കുട്ടികളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ നിരവധിയാണ്. അത്തരത്തിൽ നിരവധിയായ പ്രവർത്തനങ്ങൾ എല്ലാ സ്കൂളിലും നടത്തിയെങ്കിൽ മാത്രമേ കഴിവുള്ള കുട്ടികളെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഇതൊരു മികച്ച മാതൃക പ്രവർത്തനമാണ്. പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

എം ടി മധു
സ്കൂൾ മാനേജർ



കുട്ടികളുടെ സാഹിത്യവാസന പ്രോത്സാഹിപ്പിക്കുവാൻ പറ്റുന്ന മാതൃക പ്രവർത്തനം. കുട്ടികളെല്ലാം ഏതെങ്കിലും ഒരു അക്കാദമികേതര പ്രവർത്തനത്തിൽ പങ്കെടുക്കേണ്ടത് ഈ കാലഘട്ടത്തിൽ അത്യാവശ്യമാണ്. ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ കുട്ടികൾക്ക് ആശംസകൾ.

ദീപ്തി സുരേഷ്
പി ടി എ പ്രസിഡന്റ്



# വിദ്യാലയ ചരിത്രം

ശ്രീ നാരായണ ഗുരുവിന്റെ നാമധേയത്തിൽ 1962 ജൂൺ മാസം മൂന്നാം തീയതിയാണ് എസ്,എൻ,എം,എച്ച്,എസ് പ്രവർത്തനം ആരംഭിച്ചത്. . ഗുരു ഭക്തനായ കളത്തിൽ പറമ്പിൽ ശ്രീമാൻ കരുണനാണ് സ്കൂളിന്റെ സ്ഥാപകനും പ്രഥമ മാനേജരും. സ്കൂൾ ലൈസൻസിന് അംഗീകാരം നൽകിയത് മുഖ്യ മന്ത്രിയായിരുന്ന ശ്രീ പട്ടം താണുപിള്ള അവർകളായിരുന്നു. 1963 ഫെബ്രുവരി 14 തീയതി ശ്രീ ആർ ശങ്കർ അവർകളാണ് ഇപ്പോൾ കാണുന്ന പ്രധാന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചത്. പ്രവർത്തനം ആരംഭിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ പിന്നീട് 1998- ൽ ഹയർസെക്കന്ററി വിഭാഗം കൂടി ആരംഭിച്ചതോടെ ഈ സ്കൂൾ ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള ചവിട്ടുപടിയായിസ്കൂൾ മുദ്രയിൽആലേഖനം ചെയ്തിട്ടുള്ള “വിദ്യകൊണ്ട് പ്രബുദ്ധരാകുക” എന്ന വാക്യം കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ സഫലീകരണമാകുന്നു. പുറക്കാട് പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ ഇത് തീരപ്രദേശത്തുള്ള ആളുകളുടെ, പ്രത്യേ കിച്ചും സമൂഹത്തിൽ താഴെ തട്ടിലുള്ള ജനങ്ങളുടെ വിദ്യാഭ്യാസത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നു.ഇപ്പോൾ ഈ സ്കൂളിന്റെ ഭരണ ചുമതല നിർവഹിക്കുന്നത് എസ്. എൻ. ഡി പി ബ്രാഞ്ച് നമ്പർ 796, പുറക്കാട് ശാഖയാണ്. മാറിമാറി വരുന്ന മാനേജിംഗ് കമ്മിറ്റികളുടെ പ്രതിജ്ഞാബദ്ധമായ പ്രവർത്തനവും കൂട്ടായ്മയുമാണ് സ്കൂളിന്റെ സർവതോമുഖമായ വികസനത്തിന് കാരണം.

S N M H S S

S N M H S S

# നാട് പുറക്കാട്

ആദ്യകാലത്തു കേരളത്തിലുണ്ടായിരുന്ന മൂന്നു പ്രകൃതിദത്ത തുറമുഖങ്ങളിൽ പ്രധമസ്ഥാനമായിരുന്നു 'ബറക്ക' 'ബറക്കെ' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന പുറക്കാടിന്.യൂറോപ്യൻ രേഖകളിൽ പുറക്കാടിനെ 'പേർക്ക' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതിന്.ഇതിൽ നിന്നാണ് പുറക്കാട് എന്ന പേര് രൂപപ്പെട്ടത് പ്രാചീന കാലത്തു ചങ്ങനാശേരി, കോട്ടയം,തിരുവല്ല താലൂക്കുകളുടെ പടിഞ്ഞാറേ അതിർത്തിയോളം കയറിക്കിടന്നിരുന്ന കടൽ എ ഡി നാലാം ശതകത്തോടെ പിന്മാറിയാണ് അമ്പലപ്പുഴ ചേർത്തല താലൂക്കുകൾ ഉണ്ടായതെന്നാണ് അനുമാനം.1862 ൽ രാജാകേശവദാസൻ ആലപ്പുഴ തുറമുഖം സ്ഥാപിച്ചതോടെ പുറക്കാട് തുറമുഖത്തിന്റെ പ്രാധാന്യം കുറഞ്ഞു. ആലപ്പുഴ അഭിവൃദ്ധി പ്രാപിച്ചതോടേയാണ് പുറക്കാട് വ്യാപാരം നിലച്ചത്. കടലാക്രമണങ്ങൾ രൂക്ഷമായതോടെ പുറക്കാട് തുറമുഖം കാലക്രമേണ നശിക്കുകയും ചെയ്തു.







കുത്തിവര

# ഗാന്ധിയൻ വീക്ഷണം

ലേഖനം

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിയെ
ബാപ്പുജി എന്ന് വിളിച്ചു നാം മാലോകർ।
ഇന്ത്യയ്ക്കുവേണ്ടി ജീവൻ ത്യജിച്ചു-
മാനവർക്കായി സ്വാതന്ത്ര്യം നേടി
സത്യമഹിംസ ധർമ്മങ്ങളിൽ കൂടി-
ബ്രിട്ടീഷ് കരാവലി കീഴടക്കി
കൊല്ലും   കൊലയുമില്ല ത്തൊരുലകം;
മാലോകർക്കായി സമർപ്പിച്ചു ഗാന്ധി
ഓരോരോ ഹൃത്തിലും ആദരിച്ചീടേണം-
നമ്മുടെ രാഷ്ട്രപിതാവിനെ നാം.
വർഗീയത എന്ന അഗ്നിസ്പുലിംഗങ്ങൾ
ഊതി കെടുത്തണം മാനവന്മാർ;
സത്യവും സ്നേഹവും കാരുണ്യവു-
എല്ലാ മതങ്ങളുടെയും അന്തസത്ത।
വിശ്വാസത്തിലെല്ലാ മാധരിച്ചിടേണം-
സത്യത്തിനാൽ പൂത്ത പൂവതനം.
നമ്മുടെ രാഷ്ട്രപിതാവിന്റെ വീക്ഷണം;
ഉലകത്തിലുള്ളവർ പിന്തുടരു.
ഗാന്ധി പഠിപ്പിച്ച നന്മതൻ വിത്തുകൾ
ഭാവി തലമുറക്കായി വിതയ്ക്കാം.



ഹനീന എം റഷീദ് (9 E)



SNMHSS

# Home....

***"We can make our home into heaven***
***This is our base, our favourite place,***
***Home is where love resides,***
***Memories are created,***
***Friends always belong,***
***Laughter never ends. "***

ഫിദ ഫാത്തിമ (9E)

## കവിതകൾ

## "യുദ്ധം"

രക്തരൂക്ഷിതമാം രണത്തിൻ ചക്രവാളത്തിൽ
ശാന്തിതന്നരുണൻ പോയ്മാഞ്ഞു
ചോര പുരണ്ട കിനാവുകൾ കണ്ട്-
ഞെട്ടിയുണരുന്നീ നുറുങ്ങു ബാല്യം,
പ്രത്യാശകൾക്കു പഴുതില്ലാതെ
എല്ലാ വാതിലുകളും നീ കൊട്ടിയടയ്ക്കവേ-
മനുഷ്യത്വം പുലരുമൊരു നാളേയ്ക്കായ്,
ഇനി എത്ര നാൾ....?

നികിത സുരേഷ് (10 D)



കുത്തിവര

# "മഴ പറഞ്ഞ കഥ"

ദേവ്യേ... നീ തുണിയെടുത്തോ? അമ്മ ഒച്ച വെച്ചു. ഈ നശിച്ച മഴ ഒന്നിനും സമ്മതിക്കില്ല അമ്മ പിറുപിറുത്തു. ഞാൻ മുറിയിലെ ജനലഴിയിലൂടെ പുറത്തേക്ക് മഴയെന്ന സുന്ദരിയെ നോക്കി ഏതോ ലോകത്തിരുന്നു പോയ്. ജലഗണങ്ങൾ ഇലകളിൽ തൊട്ട് തലോടി ഭൂമിയിൽ ചെന്നുചേരുന്നു. എന്ത് രസമാ അവളുടെ സ്വരവും അഴകും? അവളെ ഞാൻ ഒരുപാട് സ്നേഹിച്ചിരുന്നു. മഴയുടെ പരിമളം കൊണ്ട് ശ്വാസംമുട്ടിക്കുന്ന അന്തരീക്ഷം പുഴയുടെ അരികിലാണ് ഞങ്ങളുടെ വീട്. നീ ഞാൻ പറഞ്ഞതൊന്നും കേട്ടില്ലേ? എന്തോ ർത്തിരിക്കാ...നീ പെണ്ണേ? തുണി മുഴുവൻ നനഞ്ഞു കാണും. അമ്മ പറഞ്ഞതൊന്നും ഞാൻ കാര്യമാക്കി എടുത്തില്ല. ഞാൻ  പുഴയുടെ കടവിൽ പോയിരുന്നു. തണുത്ത വെള്ളത്തിൽ എൻെറ പാദങ്ങൾ കൊണ്ട് ഞാൻ ചിത്രങ്ങൾ വരച്ചു. മഴയെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ വല്ലാത്ത ഒരു ആനന്ദമാണ്. ഒരുപാട് കാലത്തെ ഭൂമിയുടെ ആഗ്രഹം തീർക്കാൻ പെയ്തിറങ്ങുന്ന അനുഗ്രഹവർഷം. ഓരോ മഴക്കാലവും എനിക്ക് പുതിയ പുതിയ ഓർമ്മകളും അനുഭവങ്ങളും സമ്മാനിക്കുന്നു. ഒരുപാട് ഓർമ്മകളുടെ ഓർമ്മപ്പെടുത്തലുകളും കൂടിയാണ് ഓരോ മഴക്കാലവും. ഓരോ മഴക്കാലത്തിനായും ഞാൻ കാത്തിരിക്കാറുണ്ട്. രാത്രി മഴയുടെ സൗന്ദര്യം എന്നിൽ സർഗ്ഗവാസനയുണർത്താറുണ്ട്. എന്നിൽ അർത്ഥങ്ങളില്ലാത്ത കഥകളും കവിതകളും വിരിയാൻ തുടങ്ങിയതങ്ങനെയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഓരോ മഴക്കാലവും ഓർമ്മപ്പൂക്കൾ വസന്തം വിരിച്ച പുഴയരികിലൂടെയുള്ള നടത്തമാണ്. ഓർമ്മകൾ തുളുമ്പുന്ന വഴിയരികിലേക്കുള്ള തിരിഞ്ഞുനോട്ടമാണ്. മഴയ്ക്ക് വിവിധ മുഖങ്ങളും സൗന്ദര്യങ്ങളും ആണെന്ന് എനിക്ക് എനിക്ക് തോന്നാറുണ്ട്. അവൾ എപ്പോഴും ഭൂമിയെ ഈറനണിയിച്ചു കൊണ്ടിരുന്നു. മഴ ബാക്കിയാക്കുന്ന ചിത്രങ്ങൾ അതിമനോഹരങ്ങളാണ് വൈരക്കല്ലുകൾ പതിച്ച ചേമ്പിലയും മഴയത്ത് നനഞ്ഞു നാണിച്ചു നിൽക്കുന്ന തുമ്പുകളും ഈറനണിഞ്ഞ നടവരമ്പുകളും പച്ചപരവതാനി വിരിച്ച നെൽപ്പാടങ്ങളും ചിത്രശലഭങ്ങളും. ചാറ്റൽ മഴ വകവയ്ക്കാതെ പറന്നു കളിക്കുന്ന കുഞ്ഞുകുരുവികളും എല്ലാം മഴ വരച്ച പൂർത്തിയാക്കാൻ മറന്ന ചിത്രങ്ങളാണ് മഴയുടെ ഭംഗി എന്നെ കുളിരണിയിച്ചു കൊണ്ടേയിരുന്നു. പലർക്കും മഴ പല അനുഭൂതികൾ ആണ്. ഇന്ന് ഈ സന്ധ്യാകാശം നോക്കി മഴ നൽകിയ നനവുമായിരിക്കുമ്പോൾ ഈ പുഴയ്ക്കും എന്നോട് എന്തോ പറയാനുള്ളത് പോലെ എനിക്ക് അനുഭവപ്പെടുകയാണ്. ചിലപ്പോൾ, മഴയെപ്പറ്റി യാവാം...

**പൂജ പ്രദീപ് (10 D)**

ചെറുകഥ

S N M H S S

# "വൃദ്ധ ജാലകം തുറന്നപ്പോൾ "

കവിത

ഉമ്മറത്തെ കാലൊടിഞ്ഞ മഞ്ചലിൽ

തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന കിടക്കുന്ന നേര

മാ കാറിൻറെ ഒച്ച കാതിൽ പതിച്ചു...

എന്തിനോ വേണ്ടി ചാടി എഴുന്നേറ്റു
പ്രതീക്ഷയറ്റുനിലത്തിരുന്നു

ഒരു കണ്ണുനീർത്തുള്ളിയിൽ സ്വയം എറിഞ്ഞപ്പോൾ

പെട്ടെന്നോർത്തു കഴിഞ്ഞു പോയ ആ മധുരകാലം...

തൻ മക്കൾ പല ലോകത്തിൽ സുഖമായി കഴി-

ഇന്നതോർത്തു സ്വയം ആശ്വസിച്ചു...

മഞ്ചലിൽ കിടന്ന ചകലാസഎടുത്ത് മടക്കിവെച്ചിട്ട് അതിനടുത്തായി മടങ്ങിയിരുന്നു

വൃശ്ചിക കുളിർ കാറ്റൊന്നു മെല്ലെ വീശിയ ജാലകങ്ങളെ തട്ടിയുണർത്തി

കണ്ണീർ നിറഞ്ഞ മിഴികൾ മെല്ലെ അടച്ചും തുറന്നു ഞെരുങ്ങി ഞാൻ

പോയ കാലത്തിൻ ഓർമ്മകൾ മനസ്സിൽ വിങ്ങൽ ആയി കൊട്ടിയടയ്ക്കുന്നു

മക്കൾ പടിയിറങ്ങിയ നിമിയിലെ മാരി ഇങ്ങോളം തോരാതെ പെയ്യുന്നു

അവർക്കുമില്ലേ എൻ വർത്തമാന നൊമ്പരക്കാലം ഒരിക്കൽ?



**വിഷ്ണുപ്രിയ (10 D)**

S N M H S S

# വരകൾ





ആര്യനന്ദ (8 A)

S N M H S S

# വരകൾ





മീനാക്ഷി പി എസ് (9E)

S N M H S S

# എ.ഐ ഫോട്ടോഗ്രഫി

ഫോട്ടോഗ്രാഫിക് പ്രക്രിയയുടെ വിവിധ വശങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ )സാങ്കേതികവിദ്യകളുടെ ഉപയോഗത്തെ എ. ഐ ഫോട്ടോഗ്രാഫി സൂചിപ്പിക്കുന്നു. ഓട്ടോമേറ്റഡ് ഇമേജ് മെച്ചപ്പെടുത്തൽ, ഒബ്ജക്റ്റ് തിരിച്ചറിയൽ, എ ഐ അൽഗോരിതം ഉപയോഗിച്ച് പൂർണ്ണമായും പുതിയ ഇമേജുകൾ സൃഷ്ടിക്കൽ എന്നിവയും ഇതിൽ ഉൾപ്പെടാം. എ.ഐ പവർ ചെയ്യുന്ന ക്യാമറകളും സോഫ്റ്റ്‌വെയറുകളും ചിത്രത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും മടുപ്പിക്കുന്ന ജോലികൾ ഓട്ടോമേറ്റ് ചെയ്യാനും മൊത്തത്തിലുള്ള ഫോട്ടോഗ്രാഫി അനുഭവം മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു.

ഫോട്ടോഗ്രാഫി, നൂതനമാണെങ്കിലും, സ്വകാര്യത ലംഘനം, വഞ്ചനയ്ക്കായി ഡീപ്ഫേക്കുകളുടെ ദുരുപയോഗം, ഓട്ടോമേഷൻ കാരണം പരമ്പരാഗത ഫോട്ടോഗ്രാഫർമാരുടെ ജോലിനഷ്ടം തുടങ്ങിയ ആശങ്കകൾ ഉയർത്തുന്നു.

ഫോട്ടോഗ്രാഫിയിലെ എ.ഐ നിരവധി സാമൂഹിക മാറ്റങ്ങൾക്ക് കാരണമാകും. വിപുലമായ എഡിറ്റിംഗ് കൂടുതൽ ആളുകൾക്ക് ആക്സസ് ചെയ്യുന്നതിലൂടെ ഫോട്ടോഗ്രാഫിയെ ഇത് ജനാധിപത്യവൽക്കരിച്ചേക്കാം. എന്നിരുന്നാലും, ഫോട്ടോഗ്രാഫി വ്യവസായത്തിലെ സ്വകാര്യത, കൃത്രിമത്വം, ജോലി എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ വലിയ തോതിൽ നിലനിൽക്കുന്നു . സാങ്കേതിക പുരോഗതിയെ ധാർമ്മിക പരിഗണനകളോടെ സന്തുലിതമാക്കുന്ന തരത്തിലുള്ള നിയമനിർമ്മാണമോ പഠന രീതികളോ അവലമ്പിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമായി മാറും.

ലേഖനം





# മദ്യപാനം എന്ന വിപത്ത്

പഠനങ്ങൾ സൂചിപ്പിക്കുന്നത് കേരളത്തിൽ മദ്യം രുചിച്ചു തുടങ്ങുന്ന ആൺകുട്ടികളുടെ ശരാശരി പ്രായം 18 വയസ്സിലും താഴെയെന്നാണ്. മദ്യത്തിന് ഏറെ സ്വീകാര്യത കൽപ്പിക്കപ്പെടുന്ന സാമൂഹിക സാഹചര്യമാണ് ഇന്നത്തെ കേരളത്തിൽ നിലനിൽക്കുന്നത്. ദശകങ്ങൾക്ക് മുമ്പ് പൊതുവേ മലയാളി മദ്യപിച്ചിരുന്നത് രഹസ്യമായിട്ടായിരുന്നെങ്കിൽ ഇന്ന് ഒത്തുചേരലുകളിൽ മദ്യം ഒഴിവാക്കാനാവാത്ത ഒരിനമായി മാറിക്കഴിഞ്ഞു. വല്ലപ്പോഴുമുള്ള കൂടിച്ചേരലുകളിൽ ചെറിയ തോതിൽ മദ്യപിച്ചുതുടങ്ങുന്ന യുവാക്കളിൽ ചിലരെങ്കിലും " സോഷ്യൽ ഡ്രിങ്കേഴ്സ് " എന്ന തലത്തിൽ നിന്ന് മദ്യാസക്തരായി തന്നെ മാറിയേക്കാം. പിന്മാറൽ അസാധ്യമാവുംവിധം കാലാന്തരത്തിൽ ലഹരി മദ്യപനെ അയാൾ അറിയാതെ തന്നെ കീഴ്പ്പെടുത്തുകയും ചെയ്യാം.മദ്യം രുചിച്ചു തുടങ്ങുന്നവരിൽ 20% പേർ കാലാന്തരത്തിൽ മദ്യാസക്തരായി മാറുമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ വെളിവാക്കുന്നത്. അതായത് കൗതുകത്താലോ നിർബന്ധത്തിന് വഴങ്ങിയോ മദ്യം രുചിച്ചു നോക്കുന്ന ഓരോ അഞ്ചുപേരിലും ഒരാൾ പിൽക്കാലത്ത് മദ്യത്തിന് അടിമപ്പെടും. മദ്യത്തിന് അടിമപ്പെടാൻ സാധ്യതയുള്ള അഞ്ചിലൊരാൾ ആരെന്ന് മുൻകൂട്ടി തിരിച്ചറിയാൻ ആകില്ലെന്നതിനാൽ മദ്യത്തിൽ നിന്ന് കർശനമായ അകലം പാലിക്കുകയാണ് ഉചിതം. ഒരിക്കലും മദ്യപിക്കില്ലെന്ന ദൃഢനിശ്ചയമാണ് നമുക്ക് വേണ്ടത്.കേവലം ഒരു തവണത്തെ ഉപയോഗം കൊണ്ടുപോലും മദ്യത്തിൻറെ നീരാളിപ്പിടിത്തത്തിൽപ്പെട്ടുപോകാം. മദ്യത്തിൻറെ ഉപഭോഗം ആരോഗ്യത്തെ എത്രമാത്രം അപകടപ്പെടുത്തുമെന്നോ ആന്തരികാവയവങ്ങൾ എത്ര കണ്ട് തകരാറിലാവുമെന്നോ ഉള്ള അറിവില്ലായ്മയും മദ്യപാനത്തിലേക്ക് നയിച്ചേക്കാം. മദ്യാസക്തിയിൽപ്പെട്ടുപോയാൽ തിരിച്ചുവരവ് അത്രകണ്ട് എളുപ്പമല്ല എന്ന തിരിച്ചറിവ് പലർക്കുമില്ല. പൊതുസമൂഹത്തിൽ മദ്യത്തിന് ഏറെ സ്വീകാര്യത ലഭിച്ചിട്ടുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് പുതുതലമുറയ്ക്ക് മദ്യത്തിൽ നിന്ന് കുതറിമാറി നിൽക്കാൻതന്നെ പ്രയാസമാണ്. ഈ സ്ഥിതിവിശേഷം ഒഴികഴിവാക്കി മദ്യപിക്കുന്നവരുമുണ്ട്. തൻറെ വ്യക്തിജീവിതത്തെയും സാമൂഹികജീവിതത്തെയും മദ്യപാനം കീഴ്മേൽ മറിക്കുമെന്ന ധാരണ ഏതൊരു വ്യക്തിയിലും ഉണ്ടാവേണ്ടതാണ്. ദുരിതപൂർണ്ണമായ ജീവിതത്തിന് മദ്യാസക്തി കാരണമാകുമെന്നുള്ള അനവധി തെളിവുകൾ നമ്മുടെ ചുറ്റുവട്ടത്തു തന്നെയുണ്ട്. ദാരുണമായ ഇന്നത്തെ സാഹചര്യത്തിൽ നിന്നും കേരളീയ സമൂഹത്തെ കൈപിടിച്ചു കയറ്റേണ്ടത് പ്രതിജ്ഞാബദ്ധതയുള്ള ഓരോ കേരളീയൻറെയും ധർമ്മമാണ്.

ലേഖനം

കൂത്തിവര

S N M H S S

S N M H S S

## 2023-24 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയ മികച്ച ചില പ്രോഗ്രാമുകൾ.





"അമ്മ അറിയാൻ "





"ഫോട്ടോഗ്രഫി ക്ലാസ്സ്"





"കിയോസ്ക് "

S N M H S S

## 2023-24 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയ മികച്ച ചില പ്രോഗ്രാമുകൾ.





"ബാക്ക് ടു സ്കൂൾ ഐ ടി സഹായം"





"ഇൻഡസ്ട്രിയൽ വിസിറ്റിംഗ് "






"കലോത്സവം മീഡിയ "

S N M H S S





## അവാർഡ്




**2023-24 അധ്യയന വർഷത്തിൽ ആലപ്പുഴ വിദ്യാഭ്യാസ ജില്ലാ ലഹരിവിമുക്ത ക്യാമ്പയിൻ ഷോർട് ഫിലിം മത്സരം ഒന്നാം സമ്മാനം**

**കുട്ടികളിൽ ഉണ്ടാവാൻ സാധ്യതയുള്ള പുകവലിയോടുള്ള ആസക്തി സൗഹൃദം കൊണ്ട് ഇല്ലാതാക്കുവാൻ സാധിക്കും എന്നുള്ള ആശയം ഒരു ചെറിയ സിനിമയുടെ കഥാതന്തു ആക്കി ചിട്ടപ്പെടുത്തി, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെ ക്യാമറ ചലിപ്പിച്ച്,സ്ക്രിപ്റ്റ് തയ്യാറാക്കി, അഭിനയിച്ച സൗഹൃദം ഷോർട് ഫിലിമിന് അവാർഡ് കരസ്ഥമാക്കുവാൻ സാധിച്ചു.**

കവിത

# "ബാല്യത്തിൻ വീഥികൾ"

തിരികെ വീട്ടിലേക്കുള്ള യാത്രയിൽ ആണ് അവൾ
ഭർത്താവിനും കുട്ടികൾക്കുമൊപ്പം,
ജീവിതത്തിൻ കനൽ വഴിത്താരകൾ താണ്ടി യവൾ ഒടുവിൽ-
വീട്ടിലേക്കുള്ള വീഥിയിലും വിണ്ടു കീറിയ-
പാദമുദ്രകൾ പതിപ്പിച്ച മുന്നേറുന്നു.
നീണ്ട പത്തു കൊല്ലങ്ങൾ കാലമാമി യവനിക്കു-
പിന്നിലെവിടെയോ ഓടിയൊളിച്ചു കഴിഞ്ഞു.
അന്നവൾ സ്കൂൾ ബാഗും ചുമലിലേറ്റി,
നറു ബാല്യത്തിൻ കൊലുസു കിലുക്കി
തുള്ളിക്കിടച്ചു കടന്നുപോയ ഇടവഴികൾ ,
പക്ഷേ അവൾ തൻ ബാല്യത്തിൽ മണൽ തീരം
കാലത്തിൻ തിരയിലൊലിച്ചുപോയി
സ്കൂൾ ബാഗു താങ്ങിയ അവളുടെ ചുമലുകൾ
ദാമ്പത്യത്തിൻ ഉൽക്കട ഭാരം പേറി കൂനിയിരിക്കവേ,
ബാല്യത്തിൻ മയൂര നൃത്തം ചവിട്ടിയ,
ആഹ്ലാദ കലവികൾ മൊട്ടിട്ട പാദങ്ങൾ
ജീവിത പരാധീനകളാം ചീളുകൾ
താണ്ടി മരവിച്ചു തേഞ്ഞു പോയിരിക്കുന്നു
ബാല്യകാലത്തിൻ നിഴൽ പതിഞ്ഞ പാതയിലൂടെ
വിണ്ടുകീറിയ പാദങ്ങൾ തുഴഞ്ഞ്
വീണ്ടുമവൾ മുന്നേറവെ
വഴിയരികിലെ വാകന്ദ മുത്തശ്ശി



അവളുടെ ബാല്യകാല കഥകൾ പറഞ്ഞു കൊണ്ടേയിരുന്നു
വേനൽക്കാലത്തിന്റെ തേനൂറും മാവിൻറെ
മാമ്പഴ മാധുര്യത്തിൻ കല്ലോലിനി
അവളുടെ നാവിൽ അലയടിച്ചെത്തുകയായിരുന്നു
പക്ഷേ അവളുടെ ജീവിത മാധുര്യത്തിൻ
തെളിനീരുറവ കാല മാമീയരുണന്റെ
തീഷ്ണതാപത്താൽ എന്നെ വറ്റിക്കഴിഞ്ഞു
അവൾ താണ്ടുമീ വഴികളെല്ലാം
ബാല്യത്തിൻ ഈണം മീട്ടും വീണയോ
അതോ യഥാർത്ഥത്തിൽ നിഴൽ വീണ നിരാശയോ
ജീവിതത്തിൻ കൈപ്പുനീർ കടൽ കുടിച്ചു
വറ്റിവരണ്ട ആ തൊണ്ടയ്ക്കു
ബാല്യത്തിൻ തെളിനീരു പകർന്ന ആശ്വസിപ്പിക്കാൻ

വീണ്ടും തുറക്കുമോ?
ബാല്യവീഥിതൻ ഈ കവാടം. ...

നികിത സുരേഷ്

സംസ്ഥാന കലോത്സവത്തിന് എ ഗ്രേഡ് കരസ്ഥമാക്കിയ കവിത

# "ദൈവത്തിന്റെ സ്വന്തം നാട് മാലിന്യത്തിന്റെയും "

ലേഖനം

ദൈവത്തിൻറെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിൽ വസിക്കുന്ന "കേരളീയർ" എന്ന് അഭിമാനത്തോടെ പറയുന്ന നാം, ഇന്ന് പുതിയ പല പ്രശ്നങ്ങളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്കേട്ടു കേൾവി പോലും ഇല്ലാതിരുന്ന പല വിപത്തുകളും ഇന്ന് നമുക്ക് മുന്നിൽ വാപിളർത്തി നിൽക്കുകയാണ്. അതിലൊന്നാണ് ദിനംപ്രതി പെരുകി വരുന്ന മാലിന്യ പ്രശ്നം.

ഹരിതാഭയാർന്ന മലനാടും സമ്പത്സമൃദ്ധമായ ഇടനാടും പ്രകൃതി ഭംഗിയേറിയ തീരപ്രദേശവും ചേർന്നാൽ നമ്മുടെ കൊച്ചു കേരളമായി എന്നാൽ നാളെ അത് ഒരു ചിത്രമോ സങ്കല്പമോ ഓർമ്മയോ മാത്രമായി മാറുമോ എന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു കാരണം നാം തന്നെ ഉണ്ടാക്കി വയ്ക്കുന്ന മാലിന്യ കൂമ്പാരങ്ങളുടെ നടുവിലാണ് നാമിന്ന് കഴിയുന്നത് നമ്മുടെ നിയമ വ്യവസ്ഥിതികളിൽ പ്ലാസ്റ്റിക്കിനെ കുറിച്ച് പ്രതിപാദിക്കുകയോ ശിക്ഷകൾ നിർദ്ദേശിക്കുകയോ ചെയ്തിരുന്നില്ല എന്നാൽ അടുത്തകാലത്തായി മാലിന്യ സംസ്കരണം സംബന്ധിച്ച് വിശദമായ വകുപ്പുകൾ നിയമത്തിന്റെ ഭാഗമായി ഉണ്ടായി മാലിന്യ നിർമ്മാർജ്ജനം ഇപ്പോൾ സർക്കാറിന്റെ ബാധ്യതയായി മാറിയിരിക്കുന്നു പക്ഷേ ജനങ്ങൾ ഇപ്പോഴും ഇക്കാര്യത്തിൽ വേണ്ടത്ര അവബോധം നേടിയിട്ടില്ല. നഗരവത്കരണത്തിന്റെ ഭാഗമായി വനങ്ങൾ വെട്ടി നശിപ്പിക്കപ്പെടുന്നു പാടങ്ങൾ നികത്തി ജനങ്ങളുടെ ജീവിതശൈലിയിലും മാറ്റം വന്നു,ഓരോ കേരളീയരും 256 ഗ്രാം മാലിന്യം ഉത്പാദിപ്പിക്കുന്നു എന്നതാണ് കണക്ക് എന്നാൽ കൃത്യമായ ആസൂത്രണവും അതിനുചേർന്ന പ്രവർത്തന പദ്ധതികളും ഉണ്ടായാൽ ജൈവ മാലിന്യങ്ങൾ നാടിനു ഭീഷണി ആകാതെ സംരക്ഷിക്കാം മാലിന്യംവലിച്ചെറിയുന്നതാവരുത് നമ്മുടെ സംസ്കാരം അവ തരംതിരിച്ച് പുനരുപയോഗത്തിന് സാധ്യമാകും വിധത്തിലോ പുതു വസ്തുക്കളുടെ നിർമ്മാണത്തിന് ഇടയാക്കുന്ന വിധത്തിലും ശാസ്ത്രീയവും ആരോഗ്യ കരവുമായി ഉപയോഗപ്പെടുത്തണം.

മീനാക്ഷി പി. എസ് (9E)

S N M H S S

S N M H S S

# ഫോട്ടോഗ്രഫി





ചിത്രങ്ങൾ
അഞ്ജിത് അംഗീധരൻ
കൈറ്റ് മാസ്റ്റർ

# നിശാഗന്ധി

അങ്ങനെ ആ പ്രകാശരശ്മികൾ എങ്ങോ പോയി മറഞ്ഞു. ആ അരണ്ട നിലാവിന്റെ നീലിമയിൽ കുളിച്ച് ഞാൻ എന്റെ ആദ്യ വരികൾ എഴുതുന്നതിനെ കുറിച്ച് ആലോചിച്ചു. ഇന്ന് ഈ രാത്രിയുടെ ഭംഗി അതിമനോഹരമായിരിക്കുന്നു. ദൂരെ അങ്ങ് ഒരു സ്ട്രീറ്റ് ലൈറ്റ് കാണാം. അതിനുചുറ്റും എന്തൊക്കെയോ രാപ്രാണികൾ പറന്നു രസിക്കുന്നു. ഒരുപക്ഷേ രാത്രിയുടെ ഈ ഏകാന്തതയിൽ അവർ ആഘോഷിക്കുകയാവാം. ഇപ്പോൾ സമയം പതിനൊന്നര ആവുന്നു. എനിക്ക് ഉറക്കം തീരെ വരുന്നില്ല. ഇങ്ങനെ മുന്നിലെ ജനാലകളിലൂടെ പുറത്തേക്ക് നോക്കി കിടക്കുവാൻ മാത്രമാണ് എനിക്ക് തോന്നുന്നത്. രാത്രിയുടെ ഈ ഏകാന്ത സൗന്ദര്യത്തിൽ ഒരുപക്ഷേ ഞാൻ മതിമറന്ന് പോയിരിക്കണം. രാത്രിയിൽ പറന്നകലുന്ന ഒരു വാവൽ അത് ഈ രാത്രിയെ എന്തോ മനോഹര സ്വർഗ്ഗമാക്കി തീർക്കുന്നതായി എനിക്ക് തോന്നുന്നു. ഇപ്പോൾ എവിടെനിന്നോ രണ്ട് നിശാപക്ഷികൾ ആ സ്ട്രീറ്റ് ലൈറ്റിന്റെ അടുക്കൽ വന്നിരിക്കുന്നു. അതിനുചുറ്റും പാറി കളിക്കുന്നു. ദൂരെ അങ്ങ് രണ്ട് മരച്ചില്ലകൾ. ഓലകൾ  ഊയലാടി കൊണ്ടേയിരിക്കുന്നു. ജനാലകൾ ട്രാൻസ്പെരന്റ് ആയതിനാൽ എനിക്ക് പുറത്തുള്ളതെല്ലാം നന്നായി കാണാം. ഞാൻ അതിന്റെ ഒരു പാളി തുറന്നു നോക്കി. എല്ലാവരും ഉറക്കമായി. ചുറ്റും നിശബ്ദത നിഴലിക്കുന്നു.

കഥ

എവിടെനിന്നോ ചെറു പാദസ്വര നാദം അതുമാത്രമാണ് എനിക്ക് കേൾക്കാൻ സാധിച്ചത്. സ്ട്രീറ്റ് ലൈറ്റിന്റെ അഗ്രഭാഗത്തേക്ക് നോക്കിയ ഞാൻ അന്ന് ആദ്യമായി അത് കണ്ടു. തികച്ചും ഭീതിജനകമായ അന്തരീക്ഷം. അലറി കരയുന്നു ആ നിശാപക്ഷികൾ. ആ ചിലമ്പൊലിയുടെ അർത്ഥം ആ നിമിഷം എനിക്ക് മനസ്സിലായി. ഈ കുളിർമയേകുന്ന രാത്രി ഇന്ന് തീരാദുഃഖത്തിന്റെ മലർമഴ കോരിച്ചൊരിയുന്ന  പേമാരിയുടെയും ദൈന്യതയുടെയും അവിസ്മരണീയ മുഹൂർത്തമായി മാറിക്കഴിഞ്ഞിരിക്കുന്നു. നിർജീവ വസ്തുവായ ആ സ്ട്രീറ്റ് ലൈറ്റ് പോലും തന്റെ കണ്ണുചിമ്മി തുറന്ന് അടങ്ങാത്ത തന്റെ കണ്ണുനീരിൽ വെന്തുരുകി കഴിഞ്ഞിരിക്കുന്നു. മനുഷ്യമനസ്സിന്റെ അടങ്ങാത്ത പ്രതികാര ജ്വാല ആ രാത്രിയിലും ഇളയനക്കമില്ലാതെ ജീവിക്കുന്നു. ആ ജീവന് തുടിപ്പേകാൻ അനേകം ജീവനുകൾ രക്തസാക്ഷികൾ ആകുന്നു. രക്തത്തിൽ പൊതിഞ്ഞ അന്ധകാരത്തിന്റെ ധ്രുവദീപ്തമായി ആ രാത്രി മാറിയിരിക്കുന്നു. ഓരോ രാത്രിയും മാറിക്കൊണ്ടേയിരിക്കുന്നു, ഓരോ രാത്രിയും ഇനിയും മാറാനായിരിക്കുന്നു.

കുത്തിവര

# നിശാഗന്ധി -തുടർച്ച

രക്തച്ചവർപ്പു കലർന്ന ആ രാത്രി എന്റെ മനസ്സിലും ചുവപ്പിന്റെ വർണ്ണാഭരണം ചാർത്തിയിരിക്കുന്നു. എങ്കിലും ചോര വാർന്നുവീഴുന്ന ആ രാത്രിയെ ഞാൻ പ്രണയിക്കുന്നു. അത് തികച്ചും ജീവിതത്തിലെ ഒരു ഖണ്ഡിക മാത്രമായി ഞാൻ അടങ്ങുന്ന മനുഷ്യസത്യങ്ങൾക്ക് മുന്നിൽ രൂപാന്തരം പ്രാപിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടെ അറ്റു വീഴുന്ന ജീവനുകൾ പൂഴി മണ്ണോട് മാത്രം ചേരുവാനുള്ളതാണ്. അത് ആരുടെ മനസ്സിലും ആണി തറയ്ക്കുന്നില്ല.

അതിമനോഹരമായ ചീവീടിന്റെ പാട്ട് അത് എന്റെ ചെവികളെ കുളിർമയിലാഴ്ത്തി. രാത്രിയുടെ ചെങ്ങായി ഒരു ചെറിയ കുളിർ ചൊരിഞ്ഞ് ചുറ്റുമുള്ള ഇലകളെ തഴുകി ഒപ്പം എന്നെയും, എന്നിട്ട് എങ്ങോ പോയി മറഞ്ഞു. ആ ദളമർമ്മരം എന്റെ കാതിൽ പതിഞ്ഞു കേട്ടു. നക്ഷത്ര കൂട്ടങ്ങൾക്ക് താഴെ എന്റെ അരികിലൂടെ മറ്റൊരു നക്ഷത്രക്കൂട്ടം. അവ ഓടുന്നുണ്ടായിരുന്നു. മനുഷ്യനിർമ്മിത കൃത്രിമ സാറ്റലൈറ്റുകൾ ആകാശത്ത് ഓടി നടക്കുന്നതുപോലെ. എന്നാൽ ഇവ പ്രകൃതി തീർത്ത സാറ്റലൈറ്റുകൾ ആയിരുന്നു. ഞാൻ രാത്രിയുടെ കാമുകിയാണെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. രാത്രിയിൽ ഞാൻ ഉറങ്ങാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എത്രനേരം അതിനെ നോക്കി അതിന്റെ ഭംഗി ആസ്വദിക്കാൻ സാധിക്കുമോ അതുവരെ ഞാൻ അവിടേക്ക് തുറിച്ചു നോക്കിയിരുന്നു. ജീവിത പാതയുടെ ഏതോ ഒരു കോണിൽ അർദ്ധരാത്രി നിഴലിച്ചുകണ്ണിൽ പാട വീണപ്പോൾ ഞെട്ടിയുണർന്നുകൊണ്ട് ഞാൻ മുൻപോട്ടു നോക്കി. അർദ്ധരാത്രിയുടെ അന്ധകാരം. പ്രകൃതിയുടെ പ്രതികാരം. മനസ്സിൽ ദുഃഖത്തിന്റെ അലകടൽ ആഞ്ഞടിക്കുന്നു. അനേകം ജീവനുകൾ നഷ്ടമായി കൊണ്ടിരിക്കുന്നു. എന്നാൽ ഒരു തിരുത്ത്, ആ നഷ്ടപ്പെടുന്നത് മനുഷ്യജീവനുകൾ എന്നുമാത്രം. വിശ്രമത്തിന്റെ പടുതിങ്കൽകൊള്ളുന്ന മനുഷ്യജീവനുകൾ ആത്മാക്കളായി മാറിയിരിക്കുന്നു.

കഥ

# നിശാഗന്ധി -തുടർച്ച

പ്രകൃതിയുടെ ആർദ്രഭാവം വിളയാടാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നു. മനുഷ്യാധർമ്മങ്ങളോടുള്ള പ്രതികാര ദാഹത്തിന്റെ ജലം കരയെല്ലാം മൂടി കഴിഞ്ഞിരിക്കുന്നു. ജന്തു ജീവനുകൾക്ക് പകരം മനുഷ്യജീവനുകൾ വെന്ത് വെണ്ണീർ ആയി മാറിക്കൊണ്ടിരിക്കുന്നു. അപ്പോഴും ഞാൻ ശബ്ദിച്ചില്ല. നിശബ്ദത മാത്രമായിരുന്നു എന്റെ ചുറ്റും ഞാൻ കണ്ടത്. മിണ്ടാൻ ഞാൻ യാതൊരുവിധ അർഹയുമായിരുന്നില്ല. കാരണം പ്രകൃതിയും എന്റെ മാതാവ് തന്നെയല്ലേ? അവിടുത്തെ തീരുമാനം എന്താണെങ്കിലും അത്  തന്റെ മക്കളുടെ നന്മയ്ക്കായിരിക്കുമല്ലോ? പ്രകൃതിക്ക് തന്റെ എല്ലാ മക്കളും സമമാണ്. തന്റെ മുഴുവൻ മക്കളെയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന കുറച്ചു മക്കളെ,എന്തൊക്കെ പറഞ്ഞാലും അനുസരിക്കില്ലെന്ന് വാശിപിടിക്കുന്ന തന്റെ മനുഷ്യമക്കളെ ശിക്ഷിക്കാൻ എല്ലാവിധത്തിലും പ്രകൃതി മാതാവ് അർഹയാണ്. അവിടുത്തെ ചോദ്യം ചെയ്യാൻ ഒരു പുൽനാമ്പിന്റെ പകുതി പോലും വലിപ്പമില്ലാത്ത ഞങ്ങൾ ആരും അല്ല. ഈ രാത്രിയിൽ അരങ്ങേറുന്ന ഈ കാഹള മുഹൂർത്തത്തെ ഞാൻ ഭയക്കുന്നു. എന്നിരുന്നാലും അതിലേറെ പ്രണയം എനിക്ക് നിന്നോട് മൊട്ടിട്ടിരിക്കുന്നു. അതിനാൽ ആവാം പ്രഭാതരശ്മികൾ എനിക്ക് ഉണർവ് നൽകാത്തത്. ചുറ്റും ഇരുൾ നിഴലിക്കുമ്പോഴും പ്രകാശത്തിന്റെ പ്രതിച്ഛായ എനിക്ക് നിന്നിൽ കാണാൻ സാധിക്കുന്നു. നീ നിന്റെ താരക കണ്ണുകളാൽ താഴേക്ക് നോക്കുമ്പോൾ ഞാൻ തിരിച്ച് നിന്നെ നോക്കിയിരിക്കാൻ കൊതിക്കുന്നു. മറ്റുള്ളവർ നിദ്രയിലാഴുമ്പോഴും നമ്മൾ പരസ്പരം ദൃഷ്ടിവാങ്മയം നടത്തുന്നതിനാലാവാം.



കഥ

**ധനുശ്രീ (10C)**

S N M H S S

S N M H S S

കവിത

# രണ്ടാം വേളി



അവർ പറയുകയാണ്,
പോകാനുള്ള വഴിയെക്കുറിച്ച് -
എന്റെതണൽ ചില്ലകളിൽ
ചേക്കേറിയ പറവകൾ
ഒറ്റയടി പാത വക്കിനുള്ളിൽ
തളർന്നിരിക്കയാവാം

ദിനരാത്രങ്ങളിൽ വന്നു നിറയുന്ന
ഓർമ്മകൾക്ക് ഒക്കെയും
മരണത്തിന്റെ ഗന്ധം ആവാം

മേനിയിൽ നീ നീട്ടിയ
ശവംനാറി പൂക്കൾ
നിലതെറ്റി വീണ ഇരുളിന്റെ
ഗന്ധക പൂവു കളിൽ തേടി നടന്നതൊക്കെയും
പുതുകാലത്തിനായി,,
ഇനി വരുവാനുള്ളത്...വേളി മാത്രം
എനിക്കായ് ഒന്നൊരുങ്ങണം
എൻ സൗന്ദര്യം കണ്ടു നീ കരയണം
എനിക്കായി ഒരുപാടു പേരവർ
തളത്തിനകത്തും പുറത്തും നിന്നു വിതുമ്പി കരയവേ
ഓർമ്മകൾ സുഗന്ധം പൊഴിക്കവേ
ആടി തിമിർത്തു നേടിയതൊക്കെയും
ഒരുപിടി  ഭസ്മമായി ഒഴുകി തുടങ്ങവേ
ഓർമ്മകൾ മാത്രമായി...
കനലാർന്ന ജീവിതം...

ശ്രീനന്ദ (10A)

കവിത

# കയ്യും വായും

അഞ്ചു പേരവർ ഉറ്റവർ
കൂടെപ്പിറപ്പുകൾ
ഒന്നിച്ചു പിറന്നവർ
ഒന്നിച്ചു ചേർന്നവർ
പൊരുതി തിമിർത്തവർ
ആടുന്ന വായും
പഴകിയ കൈകളും
നീട്ടി വലിച്ചു കയറ്റി തിമിർക്കവ
നാവിൻ മുറിപ്പാട് കൊതിപ്പാട് തീർക്കവേ
തീൻ മേശയിൽ നിറയുന്ന വിഭവങ്ങൾ
കൺകളും കൈകളും ഊറിയിരിക്കവേ
ആരോ നീട്ടിയ പച്ചിലക്കു മ്പിളിൽ
കോർത്തു തുടങ്ങി കശക്കി ചവയ്ക്കവേ
ഓണത്തിൻ സ്മൃതികളായി
നാവു രുചിതൻ കഥകൾ പറയവേ

പ്രിയങ്ക പ്രിയേഷ്

SNMHSS

# അടുക്കളയിലെ സ്ത്രീ

കവിത

ആരും കാണാതെ
ഒഴിഞ്ഞ മൂലയിൽ
എനിക്കായി ഇരിപ്പിടം
കരുതി വെച്ചിരുന്നു
എനിക്കായി ഒഴിച്ചിട്ട മുറി
എന്റേതു മാത്രമായ മുറി
അവകാശം ചോദിച്ചു ഇന്നേവരെ
ആരും എത്തി നോക്കിയിട്ടില്ല
എന്റെ പൂർണ്ണത എന്റെ സൗന്ദര്യം
ആ മുറിക്കുള്ളിലായി
ഒതുക്കപ്പെട്ടിരുന്നു
ആരെന്ന ചോദ്യത്തിനുത്തരം
നീ വെറും പെണ്ണ്......
കുറ്റി ചൂല്
ഇരുള് തിങ്ങുന്നൊരിടം
നീ ഒതുക്കപ്പെട്ടവൾ
നെഞ്ചകം വിതുമ്പവേ
ആ മുറി അവൾക്കായി മാത്രം
എന്റേതു മാത്രമായൊരിടം
ഇനിയൊരു പുലർവേള
പുതു നാമ്പിൻ കരുത്തായി
പുനർജനിക്കണം
എനിക്കായി ഒരിടം
പുതുമയായി പൂക്കണം
പുതുപുഞ്ചിരിയാൽ
പലതും മാറണം
തനിയാവർത്തനമാകാതെ-
ജ്വലിക്കുന്ന പെണ്ണ്
ഇവൾ -പെണ്ണ്





ദിയ ആൻ ജിജോ

S N M H S S

# മാറുന്ന മലയാളി



നേരം വെളുത്തു തുടങ്ങിയിട്ടേയുള്ളൂ.. പാറുക്കുട്ടി നേരത്തെ എണീറ്റു, അമ്മയുടെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചു. തെല്ലു ജാള്യ തയോടെ " അമ്മേ എനിക്ക് കക്കൂസിൽ പോവണം " വേണ്ടാത്തതെന്തോ കേട്ട മാതിരി തൊട്ടപ്പുറത്ത് പഠിച്ചുകൊണ്ടിരുന്ന ആദി കുട്ടൻ " നിനക്ക് സംസ്കാരം ഇല്ലേ?.. കുറച്ചു സ്റ്റാൻഡേർഡ് ആയി സംസാരിച്ചു കൂടെ നിനക്ക്... നീ എന്തുവാ പറയണേ... ടോയ്‌ലറ്റ് എന്ന് പറയണമെന്ന് പറഞ്ഞ് തിരുത്തി കൊടുക്കുന്നത് കണ്ടു, അത് കേട്ട് പാറുക്കുട്ടി വിതുമ്പാൻ തുടങ്ങി

. "അതെന്താ അമ്മേ കക്കൂസ് എന്ന് പറയുന്നത് തെറ്റാണോ? ഇവരുടെ വാക്ക് തർക്കങ്ങൾക്കിടയിൽ എന്ത് പറയണം എന്ന് അറിയാതെ പകച്ചു പോയി ഞാനും...

ഭാഷയുടെ വളർച്ചയും തളർച്ചയും പഠിച്ചു വന്ന ഞാൻ ഏതൊരു ഭാഷയ്ക്കും അതിന്റേതായ മഹത്വം ഉണ്ടെന്ന ബോധ്യപ്പെടുത്താൻ ഇത്തിരി പാടുപെടേണ്ടി വന്നു.😇

ഒടുവിൽ കക്കൂസ് എന്നത് ഡച്ച് പദം ആണെന്നും അത് കടംകൊണ്ട പദമാണെന്നും എത്രപേർക്ക് അറിയാം എന്ന ചിന്തയോടെ കുഞ്ഞിനെ ഇനി ശൗചാലയം എന്ന് പഠിപ്പിക്കണോ എന്ന ചിന്തയിലാണ് പോയി ഞാൻ 😇

മിനിക്കഥ



**അലീന**

S N M H S S

# സ്കൂൾ വൈബ്

ആഘോഷം



10A

10B





10C

10D






10E

10F



S N M H S S



LK
35020
മാഗസിനിലൂടെ കടന്ന്പോയ എല്ലാവർക്കും നന്ദിയോടെ....
ടീം കുത്തിവര
S. N. M. H. S. S
little KITEs
LK35020